തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) ഈ വർഷം 21-12-10 വരെ 362.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ വർഷം 21-12-10 വരെ 23805695 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 893384 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(സി) തുക ലഭിക്കുന്നതിന് കാലതാമസം അനുഭവപ്പെടുന്നുണ്ട്.

(ഡി) തുക യഥാസമയം ലഭിക്കുന്നതിനുവേണ്ടി സമയബന്ധിതമായി കേന്ദ്രസർക്കാരിന് ഫണ്ട് അപേക്ഷ നൽകുന്നതിന് എല്ലാ മുൻകരുതലുകളും സംസ്ഥാനം എടുത്തിട്ടുണ്ട്. കൂടാതെ യഥാസമയം ഫണ്ടനുവദിക്കണമെന്നാവശ്യപ്പെട്ട് 16-11-2010-ൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി തന്നെ കേന്ദ്ര ഗ്രാമവികസന-പഞ്ചായത്തിരാജ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കേരള ഹൗസിലെ റസിഡന്റ് കമ്മീഷണർ. ഫണ്ട് ലഭ്യത ത്വരിതപ്പെടുത്താനായി കേന്ദ്ര സർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിലെ ഒരു ഉദ്യോഗസ്ഥനെ ഫണ്ട് പ്രൊപ്പോസലുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുവേണ്ടി ന്യൂഡൽഹിയിലേക്ക് നിയോഗിച്ചിരുന്നു.

കെട്ടിട നിർമ്മാണ ചട്ടങ്ങൾമൂലം വീടുവയ്ക്കാൻ നേരിടുന്ന ബുദ്ധിമുട്ടുകൾ

***(38)** ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. ഹംസ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ആർ. സെൽവരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾമൂലം ജനങ്ങൾ വീട് വയ്ക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(സി) കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിനുള്ള കാലതാമസവും ഈ രംഗത്തുള്ള അഴിമതിയും തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയിൽ നിശ്ചിത കാലാവധിക്കുള്ളിൽ തീരുമാനങ്ങൾ എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പിലാക്കാത്ത ഉദ്യോഗസ്ഥർമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) ഉണ്ട്. ഇപ്പോൾ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളാണ് ബാധകമായിട്ടുള്ളത്. ഇതുമൂലം ചില ബുദ്ധിമുട്ടുകൾ വീട് വയ്ക്കുന്നതിന് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾക്ക് പ്രത്യേകമായി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ തയ്യാറാക്കി പ്രാബല്യത്തിൽ കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കെട്ടിട നിർമ്മാണ അനുമതിക്കായി നഗരസഭകളിലും പഞ്ചായത്തുകളിലും ലഭിക്കുന്ന അപേക്ഷകളിൽ ആക്ഷേപങ്ങളൊന്നും ഇല്ലാത്ത പക്ഷവും, മറ്റ് സ്ഥാപനങ്ങളിൽനിന്ന് നിരാക്ഷേപ പത്രങ്ങളൊന്നും വേണ്ടാത്ത പക്ഷവും പ്രസ്തുത അപേക്ഷ ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഓരോ ഉദ്യോഗസ്ഥനും കൈവശം വച്ച് നടപടി സ്വീകരിക്കാൻ വേണ്ട സമയക്രമം നിശ്ചയിച്ച് സർക്കാരിൽനിന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭകളിലും പഞ്ചായത്തുകളിലും പെർമിറ്റ് അപേക്ഷകൾ സമർപ്പിക്കുന്നതിനും അവ പരിശോധിച്ച് പെർമിറ്റ് നൽകുന്നതിനും സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. അനാവശ്യമായി അപേക്ഷകൾ കൈവശം വച്ച് കാലതാമസം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥരുടെ മേൽ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനശക്തിപ്പെടുത്താൻ നടപടി

9(*39) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. എ. സി. മൊയ്തീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് മെച്ചപ്പെട്ട പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ആധുനികവൽക്കരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(ഡി) അഴിമതി ആരോപണം സംബന്ധിച്ച എത്ര കേസുകളുടെ അന്വേഷണമാണ് ഇപ്പോൾ നടന്നുവരുന്നത്; അന്വേഷണ നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) വിജിലൻസ് കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ കൂടുതൽ വിജിലൻസ് കോടതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly